## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ രണ്ടാം ഗ്രേഡ് ഡ്രൈവർ ശ്രീ.വിനോദ് കുമാർ.പി - തിരുവനന്തപുരം കോർപ്പറേഷനിൽ ഡ്രൈവർ ഗ്രേഡ് - II തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ.(സാധാ) നം. 3013/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം: 28/11/2018

---

പരാമർശം:- 1) 22.01.2013 തീയതിയിലെ സ.ഉ.(പി) നം 45/2013/ധന നമ്പർ ഉത്തരവ്.

2) 10.05.2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ.

3) 28.11.2013 തീയതിയിലെ സ.ഉ.(പി) നം 580/2013/ധന നമ്പർ ഉത്തരവ്.

4) ശ്രീ.വിനോദ് കുമാർ.പി യുടെ 30/08/2018 തീയതിയിലെ ഡെപ്യൂട്ടേഷൻ നിയമനത്തിനായുള്ള അപേക്ഷ.

5) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 12/11/2018 തീയതിയിലെ എസ്എച്ച്(2) 43458/2018 നമ്പർ കത്ത്.

6) നഗരകാര്യ ഡയറക്ടറുടെ 23/11/2018 തീയതിയിലെ ഇ 4-25372 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ രണ്ടാം ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.വിനോദ് കുമാർ.പി എന്ന ജീവനക്കാരനെ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിലേയ്ക്ക് സൂചന നാല് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ സമർപ്പിച്ച അപേക്ഷ സൂചന അഞ്ച് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറും സൂചന ആറ് പ്രകാരം നഗരകാര്യ ഡയറക്ടറും ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ രണ്ടാം ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.വിനോദ് കുമാർ.പി എന്ന ജീവനക്കാരനെ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ രണ്ടാം ഗ്രേഡ് ഡ്രൈവർ തസ്തികയിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 140 പ്രകാരം നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്കും പരാമർശത്തിലെ ധനകാര്യ വകുപ്പിന്റെ ഉത്തരവുകളിലെ നിബന്ധനകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം അനുവദിച്ച് ഉത്തരവാകുന്നു.

അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെൻറിനോ പരിഗണിയ്ക്കുന്നതല്ല.

അനുമതി ഇല്ലാതെ അനധികൃതമായി അന്യത്രസേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റലവൻസുകളും കൈപ്പറ്റുന്നതിൽ നിന്ന് വിലക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെ ബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ